# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1917 14.07.2011-ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ): | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |

| | |
|---|---|
| എ) കാസർഗോഡ് ജില്ലയിലെ മൂന്നാംകടവ് പദ്ധതി പരിഗണനയിലുണ്ടോ; | എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| ബി) പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ എന്നാണ് ആരംഭിച്ചിട്ടുള്ളത്; | ബി) മൂന്നാംകടവ് പദ്ധതിയുടെ feasibility study 1975 - ൽ ആരംഭിച്ചു. |
| സി) ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | സി) മൂന്നാംകടവ് പദ്ധതിയുടെ ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട് 30.12.2004 ൽ ഗവൺമെന്റിലേക്ക് സമർപ്പിച്ചു. 18.05.2005 ൽ ഗവൺമെന്റ് വൈദ്യുതോൽപ്പാദനത്തിനുള്ള സാധ്യത പരിശോധിക്കുവാൻ നിർദ്ദേശിക്കുകയും തുടർന്ന് പുതുക്കിയ ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട് 25.10.2006-ൽ ഗവൺമെന്റിലേക്ക് സമർപ്പിക്കുകയും ചെയ്തു.<br>23.01.2007-ൽ ബഹുമാനപ്പെട്ട മുൻ ജലവിഭവ വകുപ്പ് മന്ത്രി പുല്ലൂർ പെരിയ പഞ്ചായത്തിൽ വിളിച്ചു കൂട്ടിയ യോഗത്തിന്റെ തീരുമാനപ്രകാരം എഫ്.ആർ.എൽ.സർവ്വെ ആരംഭിച്ചുവെങ്കിലും തദ്ദേശവാസികളുടെ എതിർപ്പുമൂലം അടുത്ത ദിവസം തന്നെ സർവ്വെ ജോലികൾ നിർത്തി വച്ചു. |

| | | | |
|---|---|---|---|
| ഡി) | ഇൻവെസ്റ്റിഗേഷൻ, ശമ്പളം, ഓഫീസ് ചെലവ് എന്നി ഇനങ്ങളിൽ നാളിതുവരെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുക സംസ്ഥാന, ഖജനാവിൽ നിന്ന് ചെലവായിട്ടുണ്ടെന്ന് വിശദമാക്കുമോ? | ഡി) | ഇൻവെസ്റ്റിഗേഷൻ, ശമ്പളം, ഓഫീസ് ചെലവ് എന്നി ഇനങ്ങളിൽ 30.06.2011 വരെ 12,87,346/- രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ